പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 594 — 08.07.2013 - ൽ മറുപടിയ്ക്ക്

## വയോജന നയം

ചോദ്യം

ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീ.കെ.കെ.നാരായണൻ
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.ബി.സത്യൻ

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ വയോജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിലവിലുണ്ടായിരുന്ന വയോജന നയം കാലോചിതമായി പരിഷ്കരിച്ച് "മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയം 2013" എന്ന പേരിൽ 06.05.2013 ലെ സ.ഉ. (എം.എസ്.)37/13/സാനീവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിൽ വ്യക്തമാക്കിയിട്ടുള്ള പദ്ധതികളും പരിപാടികളും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. |
| (ബി) | വയോജന നയത്തിൽ അപാകതകൾ ഉള്ളതായ പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | അപാകതകൾ ഉള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വയോജന നയത്തിലൂടെ എന്തെല്ലാമാണ് വിഭാവനം ചെയ്യുന്നത്; അറിയിക്കാമോ; | (സി) | 60 വയസ്സിനു മുകളിൽ പ്രായമുള്ളവരെ ഉദ്ദേശിച്ചിട്ടുള്ള ഈ നയത്തിൽ മുതിർന്നവരുടെ ആരോഗ്യ സുരക്ഷ, സാമ്പത്തിക സുരക്ഷ, പെൻഷൻ, ഇൻഷുറൻസുകൾ എന്നിവ ലഭ്യമാക്കുക, ഗൃഹത്തിൽ തന്നെയുള്ള ശ്രദ്ധയും പരിചരണവും ഉറപ്പാക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നുണ്ട്. മുതിർന്നവരെ ചൂഷണത്തിൽനിന്നും പീഡനത്തിൽ നിന്നും സംരക്ഷിക്കുക എന്നതും മുതിർന്നവരായ മാതാപിതാക്കളുടെ സംരക്ഷണം പെൺമക്കളുടെയും |

| | | | |
|---|---|---|---|
| | | | ആൺമക്കളുടെയും ചുമതല യായിരിക്കുക എന്നതും നയത്തിൽ വ്യക്തമാക്കുന്നുണ്ട്. അർഹരായ എല്ലാ മുതിർന്ന പൗരന്മാർക്കും തങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്ന തിനു പര്യാപ്തമായതുക ലഭ്യമാക്കുന്ന വിധത്തിൽ സമഗ്രമായ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നയം വിഭാവനം ചെയ്യുന്നുണ്ട്. പാലിയേറ്റീവ് കെയർ നെറ്റ്‌വർക്ക്, ആശുപത്രികളിൽ പ്രത്യേക സൗകര്യങ്ങൾ, ആരോഗ്യ ഇൻഷുറൻസ് എന്നിവ നടപ്പിലാക്കു ന്നതിനും നയം വിഭാവനം ചെയ്യുന്നുണ്ട്. |
| (ഡി) | നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന ഏതെല്ലാം പരിപാടികൾ നടപ്പാക്കി തുടങ്ങിയെന്നറിയിക്കുമോ? | (ഡി) | നയത്തിൽ വ്യക്തമാക്കിയിട്ടുള്ള പദ്ധതികളും പരിപാടികളും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ കൂടു തൽ കാര്യക്ഷമമായി നടപ്പിലാ ക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു |

R. Vijay

സെക്ഷൻ ഓഫീസർ